## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2209** **23.3.2012-ൽ മറുപടിക്ക്**

**പ്ലാസ്റ്റിക് വേസ്റ്റിന്റെ റീ-സൈക്ലിംഗ് സംവിധാനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.മോയിൻകുട്ടി:<br>" മഞ്ഞളാംകുഴി അലി :<br>" പി.ബി.അബ്ദുൾ റസാക്:<br>" കെ.മുഹമ്മദുണ്ണി ഹാജി : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തൊട്ടാകെ ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | എ) സംസ്ഥാനത്തെ പഞ്ചായത്തുകളിലും ബ്ളോക്ക് ജില്ലാ തലങ്ങളിലും പ്ളാസ്റ്റിക് മാലിന്യങ്ങൾ ഒന്നായി ശേഖരിക്കുന്നതിനും പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുളള സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകിവരുന്നു. |
| ബി) ഈ വിപത്തിനെ നേരിടാൻ പുതിയ പദ്ധതികളെന്തെങ്കിലും നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | ബി) നഗരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് അവ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിന് ഉപയോഗപ്പെടുത്താനും പാലക്കാട്ടുളള മലബാർ സിമന്റ്സ് കമ്പനിയിലെ സിമന്റ് ചുടുന്ന ചൂളകളിൽ കത്തിച്ച് നിർമ്മാർജ്ജനം ചെയ്യാനുമുളള നടപടികൾ സർക്കാർ തലത്തിൽ കൈകൊണ്ടുവരുന്നു. റോഡുകളിൽ ടാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ്(PWD)ഉം NATPACഉം ചേർന്ന് നടപടികൾ എടുത്തു വരുന്നുണ്ട കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പ്ലാസ്റ്റിക് മാലിന്യം ഒന്നായി ശേഖരിച്ച് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനായി സാങ്കേതിക സഹായവും ചെലവിന്റെ 75 ശതമാനം വരുന്ന സാമ്പത്തിക സഹായവും ശുചിത്വ മിഷനിൽ നിന്ന് ലഭ്യമാക്കിവരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ Resource Recovery Center (RRC) സ്ഥാപിക്കാനായി സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ശുചിത്വ മിഷൻ ലഭ്യമാക്കി വരുന്നു. ഇപ്രകാരം സ്ഥാപി |

| | |
|---|---|
| | ക്കുന്ന RRC സെന്ററുകളിൽ മാലിന്യങ്ങൾ കൂടാതെ തൊണ്ട്, ചിരട്ട തുടങ്ങിയ വസ്തുക്കളും ഒന്നായി സംഭരിച്ച് അവ പുനരുപയോഗത്തിനും പുനചംക്രമണത്തിനും സഹായമാകുന്ന തരത്തിൽ സംവിധാനമൊരുക്കി കൈകാര്യം ചെയ്യാനാണ് പ്രോത്സാഹനം നൽകി വരുന്നത്.<br>RRC കളിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും, ഇ-വേസ്റ്റ് ഉൾപ്പെടുത്തിയുള്ള മാലിന്യങ്ങളും ശേഖരിക്കുന്നതിനായി പ്രോത്സാഹനം നൽകി വരുന്നു. |
| സി) വിവിധതരം മാലിന്യങ്ങൾ വഴിവക്കിലും, ജലാശയങ്ങളിലും കൊണ്ടുതള്ളാൻ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത് പ്ലാസ്റ്റിക് ക്യാരിബാഗുകളും, ചാക്കുകളുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) & ഡി) ഉണ്ട്. ഇത് തടയാനായി മുൻസിപ്പൽ ആക്ടിലെ 34-ാം വകുപ്പ് 2009-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ പറഞ്ഞ ഭേദഗതി പ്രകാരം പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർ ക്കെതിരെ നടപടി കൈക്കൊള്ളാനും പതിനായിരം രൂപ മുതൽ ഇരുപത്തിയ്യായിരം രൂപ വരെ പിഴയും ആറു മാസം തടവും ഒരുമിച്ച് ശിക്ഷ നൽകുന്നതിന് മുകളിൽ പറഞ്ഞ വകുപ്പുകളിൽ വരുത്തിയ ഭേദഗതി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായവും പ്രോജക്ടുകൾ പരിശോധന നടത്തി ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷനിൽ നിന്നും നൽകി വരുന്നു. ഉറവിട മാലിന്യ സംസ്കരണത്തിൽ 75 ശതമാനം സബ്സിഡി ലഭ്യമാക്കി അവ പ്രോത്സാഹിപ്പിച്ച് വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിനും ഊന്നൽ നൽകി പ്രവർത്തിക്കുന്നു. |
| ഡി) എങ്കിൽ ഇവയ്ക്ക് നിയന്ത്രണമേർപ്പെടുത്തുന്ന കാര്യത്തിൽ പ്രായോഗികമായ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; | |
| ഇ) പ്ലാസ്റ്റിക് വേസ്റ്റിന്റെ റീ-സൈക്ളിംഗിനും, പുനരുപയോഗത്തിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കുമോ ? | ഇ) വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒന്നായി ശേഖരിക്കാനും അവ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഒന്നായി ശേഖരിച്ച് ഷ്രെഡ് ചെയ്യാനും ഷ്രെഡ് ചെയ്ത് പ്ലാസ്റ്റിക് റോഡ് നിർമ്മാണം, സിമെന്റ് പ്ലാന്റുകളിൽ കത്തിക്കൽ, പ്ലാസ്റ്റിക് പുനർ നിർമ്മാണം തുടങ്ങിയ |

പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്താനും ആവശ്യമായ നടപടികൾ കൈകൊണ്ടിട്ടുണ്ട്. പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനായി ആവശ്യമായ മൂലധന ചെലവിന്റെ 75% തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വ മിഷൻ വഴി നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**